**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 7832 23.07.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**മൊബൈൽ സന്ദേശം നൽകി തട്ടിപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വിവിധ ലോട്ടറികളിൽ സമ്മാനം ലഭിച്ചുവെന്ന് മൊബൈൽ സന്ദേശം നൽകി തട്ടിപ്പു നടത്തുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സൈബർ സെൽ അന്വേഷണം നടത്തുന്നുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് സൈബർ സെൽ അന്വേഷണം നടത്തുന്നുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിനകം തട്ടിപ്പിന് ഇരയായവരുടെ എത്ര പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ടെന്നും ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) ഇതുമായി ബന്ധപ്പെട്ട് 14 പരാതികളിൽ 11 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും അതിൽ ഉൾപ്പെട്ട 5 വിദേശികളിൽ 2 വിദേശികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. |
| (സി) ഈ തട്ടിപ്പിൽ വിദേശികൾ ഉൾപ്പെട്ടിട്ടുണ്ടോ; കേരളത്തിലോ മറ്റ് സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചോ ഇത്തരത്തിലുള്ള റാക്കറ്റുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) ഉണ്ട്. കേരള സംസ്ഥാനം കേന്ദ്രീകരിച്ച് ഇത്തരത്തിലുള്ള റാക്കറ്റുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ